## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3196 — 23.03.2015-ൽ മറുപടിക്ക്

## ഉറവിട മാലിന്യസംസ്കരണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ.എൻ.ജയരാജ്<br>ശ്രീ. പി.സി.ജോർജ്<br>" എം.വി.ശ്രേയാംസ് കുമാർ | | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) | |
| (എ) | ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുന്ന പദ്ധതിക്ക് വേണ്ടത്ര പ്രചാരണം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഇല്ല. സംസ്ഥാനത്തെ 750 ഓളം ഗ്രാമപഞ്ചായത്തുകളിലും 59 നഗരസഭകളിലും 5 മുനിസിപ്പൽ കോർപ്പറേഷനുകളിലും ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതിയിലുൾപ്പെടുത്തി ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്കും കമ്പോസ്റ്റിംഗ് സംവിധാനങ്ങൾക്കും ഉയർന്ന തരത്തിലുള്ള സബ്സിഡി ലഭ്യമാക്കുകയും നിരവധി ബോധവൽക്കരണ പരിപാടികൾ നടത്തുകയും മാലിന്യ സംസ്ക്കരണ മാർഗങ്ങളെക്കുറിച്ചുള്ള കൈപുസ്തകങ്ങൾ ഇറക്കുകയും ചെയ്തതിന്റെയടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ജനപിന്തുണ ഏറിയിട്ടുണ്ട്. |
| (ബി) | ജൈവമാലിന്യം ഉപയോഗിച്ചുള്ള ബയോഗ്യാസ് പ്ലാന്റുകൾ കൂടുതൽ പ്രചാരത്തിലാക്കുന്നതിനായി ആയതിന്റെ സബ്സിഡി ഘടനയിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ജൈവമാലിന്യം ഉപയോഗിച്ചുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് 50% സർക്കാർ സാമ്പത്തിക സഹായവും 25% തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതവും ചേർത്ത് ആകെ 75% സബ്സിഡിയായി ഉയർത്തി നിലവിൽ നൽകി വരുന്നുണ്ട്. |
| (സി) | ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ തുക വകയിരുത്തുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുമോ ? | സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ